**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4504** **10-08-2021 - ല്‍ മറുപടിയ്ക്ക്**

**ഗോവിന്ദ പൈ കോളേജിലെ കെട്ടിട നിര്‍മ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം ഗോവിന്ദ പൈ സര്‍ക്കാര്‍ കോളേജില്‍ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റല്‍, ലൈബ്രറി ബ്ലോക്ക് എന്നിവ നിര്‍മ്മിക്കുന്ന പദ്ധതി നിലവില്‍ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | മഞ്ചേശ്വരം ഗോവിന്ദ പൈ സര്‍ക്കാര്‍ കോളേജില്‍ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റല്‍, ലൈബ്രറി ബ്ലോക്ക് എന്നിവ നിര്‍മ്മിക്കുന്നതിന് 6.93കോടി രൂപയുടെ ഭരണാനുമതി നല്‍കിയിട്ടുണ്ട്. നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങള്‍ ലഭ്യമാക്കുമോ; | (ബി) | മഞ്ചേശ്വരം ഗോവിന്ദ പൈ സര്‍ക്കാര്‍ കോളേജില്‍ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റല്‍, ലൈബ്രറി ബ്ലോക്ക് എന്നിവ നിര്‍മ്മിക്കുന്നതിന് 6.93കോടി രൂപയുടെ ഭരണാനുമതി നല്‍കിയിട്ടുണ്ട്. നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ആരംഭിച്ചിട്ടില്ല. |
| (സി) | ലേഡീസ് ഹോസ്റ്റല്‍, ആധുനികരീതിയിലുള്ള ലൈബ്രറി കെട്ടിടം എന്നിവയുടെ പ്രവൃത്തി ഈ വര്‍ഷം തന്നെ ആരംഭിക്കുന്നതിന് സാധിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ പൂര്‍ത്തീകരണ കാലാവധി എപ്പോഴാണെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള ഡിസൈന് GRIHA (Green Rating for integrated Habitat Assessment) സ്റ്റാന്‍ഡേര്‍ഡ് അനുസരിച്ച് മാറ്റം ഉണ്ടാകുന്നതിനാല്‍ എസ്റ്റിമേറ്റിലും മാറ്റം ഉണ്ടാകും. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയാല്‍ മാത്രമേ പ്രവര്‍ത്തിയുടെ പൂര്‍ത്തീകരണ കാലാവധി സംബന്ധിച്ച വിവരം ലഭ്യമാവുകയുള്ളൂ. |

സെക്ഷന്‍ ഓഫീസര്‍